# ഇതു ധനികരുടെ മാത്രം ബാങ്കോ?

**ഡോ. എം. കുര്യൻ തോമസ്**
drmkurianthomas@gmail.com

ഓട്ടോമാറ്റിക്ക് ടെല്ലർ മെഷീൻ എന്ന ധനകാര്യ ഉപകരണവും അതിൽ ഉപയോഗിക്കുന്ന 'ഏറ്റിഎം കാർഡ്' എന്ന ലളിത സംവിധാനവും ഇന്ത്യയിലെ സാധാരണക്കാരിൽ, വിശിഷ്യാ മലയാളികളിൽ, വിപ്ലവകരമായ പരിവർത്തനമാണ് വരുത്തിയത്. ചെറിയ തുകപോലുമെടുക്കാൻ ബാങ്കിൽ പോയി ദീർഘ സമയം കാത്തുനിൽക്കേണ്ട അവസ്ഥ ഒഴിവായി എന്നതുമാത്രമല്ല, അത്യവശ്യ സന്ദർഭങ്ങളിൽ രാത്രി യിലും അവധി ദിവസങ്ങളിലും എവിടെയും പണം കിട്ടുമെന്ന സ്ഥിതി ചില്ലറ ആശ്വാസമല്ല സാധാരണ ക്കാരന് നൽകിയത്. വിദൂരസ്ഥങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിമിഷനേരംകൊണ്ട് പണമെത്തു മെന്ന തിരച്ചറിവ് അവരുടേയും അവരുടെ രക്ഷകർത്താക്കളുടേയും മാനസിക സംഘർഷം ഒട്ടൊന്നുമല്ല ലഘൂകരിച്ചത്. പ്രതിവാരം വീട്ടിലേയ്ക്കു ബാങ്കുവഴി പണമയയ്ക്കുകയും അവർ കാർഡുപയോഗിച്ച് അതെടുത്തു ചിലവുനടത്തുകയും ചെയ്യുന്ന അനേകം പ്രവാസി ജോലിക്കാരെ ഈ ലേഖകന് നേരിട്ട റിയാം. കൂടുതൽ സാധാരണക്കാരെ ഇതുമൂലം ബാങ്കുമായി അടുപ്പിച്ചു. ബാങ്ക് ജീവനക്കാരുടെ അദ്ധ്വാനഭാരം നിർണ്ണായകമാംവിധം കുറഞ്ഞു എന്നത് മറ്റൊരു ഗുണവശം.

പക്ഷേ സാമൂഹ്യശാസ്ത്രപരമായി 'ഏറ്റിഎം കാർഡ് വിപ്ലവം' വരുത്തിയ ഗുണപരമായ മാറ്റങ്ങളേ പ്പറ്റി ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ എന്ന് അറിയില്ല. ഒന്നാമതായി, പണം കൊണ്ടുനടക്കുകയോ അടിയ ന്തിര ചിലവുകൾക്ക് കൈയ്യിൽ സൂക്ഷിക്കുകയോ ചെയ്യുന്ന പ്രവണത വളരെയധികം കുറഞ്ഞു. രണ്ടാ മതായി, കൂടുതൽ ഇടപാടുകൾ ബാങ്കുവഴിയായി. മൂന്നാമതായി, ബോധപൂർവമല്ലങ്കിലും മുമ്പില്ലാതിരു ന്നവിധം തികച്ചും സാധാരണക്കാരിൽ പോലും നാമമാത്രമായെങ്കിലും സമ്പാദ്യശീലം (propensity to save) ഉളവായി. സന്നിഗ്ദഘട്ടത്തിൽ 'തപ്പിയാൽ ഏറ്റിഎം-ൽ പത്തുമുന്നൂറു രൂപാ കാണും' എന്നു സാധാരണക്കാർ പോലും പറയുന്നത് ഇന്നു കേരളത്തിൽ സർവ്വസാധാരണമാണ്. അതുകൊണ്ടുതന്നെ ഈ ലേഖകൻ മൂന്നാമത്തെ മാറ്റത്തിന് പ്രാമുഖ്യം നൽകുന്നത്.

ഇന്ത്യയുടെ ദേശീയ ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. ലോകത്തിൽ ഏറ്റവുമധികം ബ്രാഞ്ചുക ളുള്ള എസ്ബിഐ ഇന്ത്യയുടെ അഭിമാനമാണ്. ദരിദ്രർക്കു ഭൂരിപക്ഷമുള്ള ഇന്ത്യയിൽ സ്വാഭാവികമായും ദേശീയ ബാങ്ക് അവർക്കുവേണ്ടിയാണ് നിലകൊള്ളേണ്ടത്. പക്ഷേ 2014 നവംബർ 1 മുതൽ പരിഷ്ക്ക രിച്ച ഏറ്റിഎം ചാർജ്ജുകൾ സാധാരണക്കാരെ മാത്രമല്ല ഇടത്തരക്കാരെപ്പോലും ബാങ്കിൽനിന്ന് അ കറ്റുംവിധമാണ് ക്രമീകരിച്ചിരിക്കുന്നത്. സ്വന്തം ഏറ്റിഎം-കളിൽ പോലും പ്രതിമാസം മൂന്നിലധികം വരുന്ന ഇടപാടുകൾക്ക് ചാർജ്ജ് ഈടാക്കും. എന്നുമാത്രമല്ല, ബാങ്കുവഴി നിശ്ചിത തവണയിലധികം പണമെടുത്താലും ചാർജ്ജുണ്ട്. ചുരുക്കത്തിൽ, സ്വന്തം പണം ബാങ്കിലിട്ടു എന്ന മഹാ അപരാധത്തിന് അതെടുക്കുമ്പോൾ പാവപ്പെട്ടവൻ പിഴകെട്ടണം!

ഇതു പകൽക്കൊള്ളയാണ്. എന്നു മാത്രമല്ല ദൂരവ്യാപക ഫലങ്ങളുണ്ടാക്കുന്ന സാമൂഹ്യനീതി നിഷേ ധവുമാണ്. മൂന്ന് ചെറിയ ഉദാഹരണം കൊണ്ട് ഇതു വ്യക്തമാക്കാം.

1. പ്രതിമാസം 2,000 രൂപാ ക്ഷേമ പെൻഷൻ ലഭിക്കുന്ന ഒരുവൻ പ്രതിവാര ചിലവിന് 500 വീതം എടു ത്താൽ നാലാമത്തെ ആഴ്ച ചാർജ്ജ് ഈടാക്കും!

2. സ്കോളർഷിപ്പായോ രക്ഷകർത്താക്കൾ നൽകുന്നതായോ അക്കൗണ്ടിലുള്ള പണം ആവശ്യത്തി നുമാത്രം പിൻവലിക്കുന്ന വിദ്യാർത്ഥിയും ആ പാപത്തിനു പിഴകെട്ടണം!

3. ദീർഘദൂര യാത്ര നടത്തുന്നവർ ഇനിയും പഴയതുപോലെ പണവും കെട്ടിച്ചുമന്നു നടന്നില്ലങ്കിൽ അവരും കൊടുക്കണം ചാർജ്ജ്!

ചുരുക്കത്തിൽ, ബാങ്കുകളെ ത്യജിച്ച് പഴയതുപോലെ 'മടിയിൽ - പൊതിയിൽ ഫിനാൻസ്' ആയി നടക്കാൻ ഇതു സാധാരണക്കാരനെ പ്രേരിപ്പിക്കും. ഉള്ള കാശ് നഷ്ടപ്പെടുവാനും 'പുട്ടടിച്ചു തീരാനും' ഇതു വഴിവെയ്ക്കും. സമ്പാദ്യശീലം എന്ന പ്രവണത ഇല്ലാതാകും.

25,000 രൂപ ശരാശരി മിച്ചം അക്കൗണ്ടിൽ ഉള്ളവർക്ക് സ്വന്തം ഏറ്റിഎം-കളിൽ ചാർജ്ജില്ല എന്നൊരു 'ഔദാര്യം' പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൊണ്ട് ഇടത്തരക്കാരനുപോലും പ്രയോജനമില്ല. സർക്കാർ ശമ്പളം ബാങ്കുവഴി കൈപ്പറ്റുന്ന ജീവനക്കാരൻ ആവശ്യത്തിനു മാത്രം അതു പിൻലിച്ചാൽ മതി എന്നു തീരുമാ നിച്ചാൽ പ്രതിമാസം രണ്ടാം വാരം മുതൽ അവരും ചാർജ്ജ് നൽകേണ്ടി വരും. ചുരുക്കത്തിൽ ബിപി എൽകാരെ മാത്രമല്ല, ഭൂരിപക്ഷം എപിഎൽകാരെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബോധപൂർവം തങ്ങ ളിൽനിന്നകറ്റുകയാണ്. ദേശീയ ബാങ്കിന്റെ ഈ നടപടി നീതി നിഷേധമല്ലങ്കിൽ പിന്നെന്താണ്? ചുരുക്ക ത്തിൽ ഇന്ത്യ മുമ്പോട്ടോടുമ്പോൾ ഭൂരിപക്ഷംവരുന്ന സാധാരണക്കാരൻ പുറകോട്ടു നടന്നോളാൻ!

ഇനി ഇത് പകൽക്കൊള്ളയാണന്നു വിശേഷിപ്പിച്ചതിനേപ്പറ്റി. ഒരാൾ ഉപയോഗിച്ചാലും ആയിരങ്ങൾ ഉപയോഗിച്ചാലും ഏറ്റിഎം-കളുടെ സ്ഥാപന-നടത്തിപ്പു ചിലവുകളിൽ (establishment & operational costs) കാര്യമായ മാറ്റം വരുന്നില്ല. ഭീമമായ ലാഭത്തിലോടുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലാഭം വർദ്ധിപ്പിക്കുക മാത്രമാണ് പുതുക്കിയ ചാർജ്ജ് ചെയ്യുന്നത്. 1,00,000 രൂപയോ അധിലധികമോ ശരാശരി നിക്ഷേപമുള്ളവർക്ക് എല്ലാ ഏറ്റിഎം സേവനവും സൗജന്യമാണന്നു വാഗ്ദാനം ചെയ്തിരിക്കുന്ന തിൽനിന്നും ഏറ്റിഎം-കൾ തുടർന്നും നടത്താനാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉദ്ദേശിക്കുന്നതെന്നു വ്യക്തം. പക്ഷേ ബാങ്കിന്റെ ചിലവിൽ നടത്തുന്ന അവ അംഗുലി പരിമിതരായ വരേണ്യവർഗ്ഗത്തിനു മാത്രമാവും. ഇതു സാമൂഹ്യനീതി നിഷേധമല്ലെങ്കിൽ പിന്നെന്താണ്? ഏതാനും മാസങ്ങളായി സ്റ്റേറ്റ് ബാങ്ക് ഏറ്റിഎം-കളിൽ നേരിടുന്ന '100 രൂപാ ദൗർലഭ്യം' ഇതുമായി കൂട്ടിവായിക്കണം. കേവലം 300 മാത്രം ആവശ്യമുള്ളവനും 500 രൂപ (ഉണ്ടങ്കിൽ) എടുക്കാൻ നിർബന്ധിതമാകുന്ന ഈ സാഹചര്യം തികച്ചും യാദൃശ്ചികമാണന്നു പറയാമോ?

ഇതു വെറും ബാലിശമായ വാദമല്ല. മറ്റൊരു ബാങ്കും ഈ പകൽക്കൊള്ള ആരംഭിച്ചതായി അറിവില്ല. മാത്രമല്ല, കാനറാ ബാങ്കും പഞ്ചാബ് നാഷണൽ ബാങ്കും ചാർജ്ജ് വർദ്ധിപ്പിക്കില്ലന്നും ഏറ്റിഎം സേവനങ്ങൾ വികസിപ്പിക്കുകയാണന്നും പ്രഖ്യാപിച്ചു കഴിഞ്ഞു. അതിലും ഉപരി, ഏറ്റിഎം ഇടപാടുകൾ പ്രചുരപ്രചാരത്തിലായതോടെ ലഭിച്ച ഭീമമായ തൊഴിൽ ലാഭത്തിന്റെ (Human resources savings) ഗുണഫലമനുഭവിക്കുന്നതും ബാങ്കുകൾ മാത്രമാണ്.

ശമ്പളവും സബ്സിഡിയും ക്ഷേമപെൻഷനുകളുമടക്കം എല്ലാ സർക്കാർ ആനുകൂല്യങ്ങളും ബാങ്കുവഴിമാത്രം എന്ന നയം സർക്കാർ ദ്രുതഗതിയിൽ നടപ്പാക്കിവരുമ്പോൾ ഇന്ത്യയിലെമ്പാടും വേരുകളുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഈ നടപടി ഉയർത്തുന്ന അനേകം സാമൂഹ്യ പ്രശ്നങ്ങളുണ്ട്. ഒന്നാമതായി, സാധാരണക്കാരൻ മൂന്നു തവണമാത്രം 'സൗജന്യം' ഉപയോഗിച്ചാൽ മതി എന്നു എന്തു മാനദണ്ഡത്തിലാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നിശ്ചയിച്ചത്? സൗജന്യമല്ല, അതവന്റെ സ്വന്തം പണമാണ് എന്നത് വേറേ കാര്യം. രണ്ടാമതായി, സർക്കാർ ദശാബ്ദങ്ങൾ ശ്രമിച്ചിട്ടും ഫലപ്രാപ്തിയിലെത്താതിരുന്ന - ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു അത്യന്താപേഷിതമെന്നു ധനകാര്യ വിദ്ഗ്ദർ ഒന്നടങ്കം ചൂണ്ടിക്കാട്ടുന്ന - ചെറുകിട സമ്പാദ്യ പ്രവണതയുടെ വികസനം സാധിതപ്രായമാക്കിയ ഏറ്റിഎം വിപ്ലവം പിറകോട്ടടിക്കാൻ ദേശീയ ബാങ്കിന് അധികാരമുണ്ടോ? വിദ്യാഭ്യാസമുള്ള കേരളത്തിലെ മദ്ധ്യവർത്തി സമൂഹത്തിന് - പ്രത്യേകിച്ചും പ്രതിമാസ ശമ്പളക്കാർക്ക് - marginal propensity to save എന്നൊരു വസ്തുത മനസിലാക്കിക്കൊടുത്തത് ബാങ്കുവഴിയുള്ള ശമ്പളവിതരണവും ഏറ്റിഎം വഴിയുള്ള അതിന്റെ വിനിമയവുമാണ്. മൂന്നാമതായി, പാവപ്പെട്ട അന്തർസംസ്ഥാന തൊഴിലാളിയുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരാൻ ദേശീയ ബാങ്കിന് എന്തു ധാർമ്മിക അവകാശമാണുള്ളത്? അവർ ഏതാണ്ട് പൂർണ്ണമായും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെ ആണ് ആശ്രയിക്കുന്നത് എന്ന് ഈ ലേഖകന് നേരിട്ടറിയാം.

കനത്ത ബാങ്കിംഗ് സാന്ദ്രതയും ഇന്ത്യയിലെ എല്ലാ ബാങ്കുകളുടേയും ശാഖകളുമുള്ള കേരളത്തിൽ ഒരുപക്ഷേ ഇതിന്റെ ദൂഷ്യഫലം പെട്ടന്ന് അനുഭവവേദ്യമായന്നു വരികയില്ല. പക്ഷേ ഏതാണ്ട് പൂർണ്ണമായും കേരള സംസ്ഥാന ജീവനക്കാരുടെ ശമ്പള-പെൻഷനുകളും ഇതര ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഏതു നിമിഷവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കുമെന്നുള്ള ഭീഷണി നിലവിലുള്ളതിനാൽ ആസന്നഭാവിയിൽ ഇതു കേരളത്തേയും ബാധിക്കും. പാചകവാതക സബ്സിഡി വാങ്ങുന്ന വീട്ടമ്മയും, വികാലംഗ പെൻഷൻ വാങ്ങുന്നവരും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് വരേണ്യ വർഗ്ഗത്തിനായി ഏറ്റിഎം-കൾ നടത്തുന്നതിന് കപ്പം കൊടുക്കണമെന്ന നയം സാമൂഹ്യനീതി നിഷേധം തന്നെയാണ്.

'ഒരു വീടിന് കുറഞ്ഞത് ഒരു ബാങ്ക് അക്കൗണ്ട്' എന്ന നയം കേന്ദ്രസർക്കാർ സമയബന്ധിതമായി നടപ്പാക്കുമ്പോൾ അതിനു തുരങ്കം വയ്ക്കുകയാണ് പുതിയ ഏറ്റിഎം ചാർജ്ജിലൂടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചെയ്യുന്നത് എന്ന് ആരെങ്കിലും ആരോപണം ഉന്നയിച്ചാൽ അതു ശരിവയ്ക്കേണ്ട അവസ്ഥയാണുള്ളത്. സർക്കാർ സഹായങ്ങൾ നേരിട്ടു ഗുണഭോക്താവിലെത്തിക്കുക എന്നതാണ് ഇതിന്റെ ആത്യന്തിക ലക്ഷ്യം. ആ തുഛസംഖ്യ കൈപ്പറ്റാനും ഫീസു വാങ്ങുന്ന പ്രവണത ദേശീയ ബാങ്കിന് ഒരിക്കലും ഭൂഷണമല്ല. അത് അംഗീകരിക്കാൻ ഉത്തരവാദിത്വമുള്ള സർക്കാരിനു കഴിയുമോ? കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിൽ ഭൂരിപക്ഷം സാധാരണക്കാരും ആശ്രയിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെ ആണന്നത് ഇവിടെ ഗൗരവമായി പരിഗണിക്കണം.

സാമൂഹ്യ നീതി നടപ്പാക്കണമെങ്കിൽ എല്ലാ ഏറ്റിഎം ഇടപാടുകളും സൗജന്യമാക്കണം. അതിനെതിരായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്തു വാദം ഉന്നയിച്ചാലും അതു നിലനിൽക്കില്ല. കാരണം ദേശീയ ബാങ്കിന് സാമൂഹിക പ്രതിബന്ധതയുണ്ട്. അല്ലങ്കിൽ ഏറ്റിഎം-കൾ നഷ്ടമാണന്നു തെളിയിക്കണം. അതു സാദ്ധ്യമല്ല. കാരണം, ഏറ്റിഎം-കളുടെ സ്ഥാപന-നടത്തിപ്പു ചിലവുകളേക്കുറിച്ചു വാചാലരാകുന്നവർ അതുമൂലം ലഭിച്ച തൊഴിൽ ലാഭത്തെപ്പറ്റി മൗനം പാലിക്കുന്നു എന്നതുതന്നെ. സത്യസന്ധമായ ഒരു കണക്കെടുപ്പു നടത്തിയാൽ ഈ ലാഭം ഏറ്റിഎം-കളുടെ സ്ഥാപന-നടത്തിപ്പു ചിലവുകളേക്കാൾ പതിന്മടങ്ങാണന്നു വ്യക്തമാകും എന്ന യാഥാർത്ഥ്യമല്ലേ ഈ മൗനത്തിനു പിമ്പിൽ?

(*സാമൂഹ്യനീതി* - ഡിസംബർ 2014)